**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 85** **22-06-2026-ൽ മറുപടിയ്ക്ക്**

**മുതലമട മാംഗോ ഹബ്ബ്**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. പ്രേമൻ ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ മുതലമട മാംഗോ ഹബ്ബിന്റെ പ്രവർത്തനങ്ങൾക്കായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

**മറുപടി:** 18/02/2019 ലെ സർക്കാർ ഉത്തരവ് നമ്പർ 29/2019/എഡി പ്രകാരം മുതലമട മാംഗോ ഹബ്ബിനായി 20 കോടി രൂപയുടെ ഭരണാനുമതി നൽകുകയും പദ്ധതി നടത്തിപ്പിനായി INKEL നെ പദ്ധതിയുടെ നിർവ്വഹണ ഏജൻസി ആയി ചുമതലപ്പെടുത്തുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ 25/6/2020 ന് പദ്ധതി നിർവ്വഹണ ഏജൻസി പദ്ധതിയുടെ വിശദമായ റിപ്പോർട്ട് (DPR) കിഫ്ബിയിൽ സമർപ്പിക്കുകയുണ്ടായി. SPV സമർപ്പിച്ച DPR, പരിശോധിച്ച ശേഷം, അതിന്മേൽ സാങ്കേതിക അവലോകന റിപ്പോർട്ട് തയ്യാറാക്കുകയും, ഉചിതമായ മറുപടി കിഫ്ബിയിൽ സമർപ്പിക്കുന്നതിനായി ഫയൽ 20-09-2021 ൽ SPV - ക്ക് തിരികെ നൽകുകയുമുണ്ടായി. നാളിതുവരെ ഫയൽ കിഫ്ബിയിൽ തിരികെ സമർപ്പിക്കപ്പെട്ടിട്ടില്ല .

കൂടാതെ 07-08-2023 ലെ സർക്കാർഉത്തരവ് നമ്പർ 71/2023/അഗ്രി പ്രകാരം അഗ്രോ പാർക്കുകളുടെ ചുമതല KAICO; കേരള അഗ്രോ ബിസിനസ്സ് കമ്പനി-ക്കു (KABCO) കൈമാറണമെന്ന്നിർദ്ദേശിച്ചെങ്കിലും KABCO ഇതുവരെ രേഖാമൂലം ചുമതല ഏറ്റെടുത്തതായി അറിവില്ല. പദ്ധതിയുടെ ഭരണാനുമതി കാലഹരണപ്പെട്ടതിനാലും നിലവിൽ പദ്ധതിയ്ക്ക് പുരോഗതിയുണ്ടാകുന്നില്ല എന്നതിനാലും, കിഫ്ബിയുടെ സാങ്കേതിക അവലോകനറിപ്പോർട്ടിനുള്ള ഉത്തരം തൃപ്തികരമായി ലഭിക്കുന്ന മുറയ്ക്കും, INKEL - KABCO ചുമതല കൈമാറ്റം പൂർത്തീകരിച്ച പദ്ധതികൾ രേഖാമൂലം ഏറ്റെടുക്കുന്നമുറയ്ക്കും, നിലവിലെ ഭരണാനുമതി പുതുക്കി ലഭ്യമാകുന്ന മുറയ്ക്കും പദ്ധതിമുന്നോട്ട് കൊണ്ടുപോകാൻ സാധിക്കും.

**(ബി)** പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**